ഉത്തരം

(എ) മുഴുവൻ വിവരവും ലഭിച്ചു കഴിഞ്ഞിട്ടില്ല. കോഴിക്കോട് ചീഫ് എഞ്ചിനീയറുടെ പ്രവർത്തനപരിധിയിലുള്ള നാലു പഞ്ചായത്തുകളിൽ തെരുവു വിളക്കുകൾക്കുള്ള വൈദ്യുതി വിച്ഛേദിച്ചിട്ടുണ്ട് .

(ബി) കൊരട്ടി, അന്നമനട, മറ്റത്തൂർ എന്നിവയാണ് തൃശ്ശൂർ ജില്ലയിലെ പഞ്ചായത്തുകൾ.

(സി) നടന്നിട്ടുണ്ട് .

(ഡി) 1. തൃശ്ശൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള മറ്റെല്ലാ സ്വയംഭരണ സ്ഥാപനങ്ങളും 1984 ഏപ്രിൽ 1 മുതൽ തെരുവു വിളക്കുകൾക്ക് ഉപയോഗിക്കുന്ന വൈദ്യുതിക്ക് 1982 സെപ്റ്റംബർ ഒന്നിനു മുമ്പുള്ളതും 1982 സെപ്റ്റംബർ ഒന്നിന് മുമ്പു നിലവിലിരുന്നതും സെപ്റ്റംബർ 1 മുതൽ പ്രാബല്യത്തിൽ വന്നതുമായ നിരക്കുകൾ തമ്മിലുള്ള വ്യത്യാസത്തിന്റെ അറുപതു ശതമാനവും കൂടി 1982-ലെ പുതുക്കിയ താരീഫ് നടപ്പിൽ വരുത്തുന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ അന്തിമ തീരുമാനമാകുന്നതുവരെ നൽകേണ്ടതാണ് .

2. എല്ലാ സ്വയംഭരണ സ്ഥാപനങ്ങളും 9/82—നു മുമ്പുണ്ടായിരുന്ന നിരക്കിൽ കുടിശ്ശിക വരുത്തിയ തുക 30-6-1984 മുൻപ് അടച്ചു തീർക്കേണ്ടതാണ്.

3. 1982 സെപ്റ്റംബർ ഒന്നിനു മുൻപും പിൻപും ഉള്ള നിരക്കുകളുടെ വ്യത്യാസത്തിന്റെ 60 ശതമാനം 1984 ജൂൺ മുതൽ 9 ഗഡുക്കളായി അടച്ചു തീർക്കണം.

4. 1984 ജൂൺ മുതൽ മാസംതോറും അടയ്ക്കേണ്ട വൈദ്യുതി ചാർജ്ജ് മുഴുവനായി അതതു തീയതികളിൽ തന്നെ അടച്ചുതീർക്കേണ്ടതുമാണ്.

5. സ്വയംഭരണ സ്ഥാപനങ്ങൾ പ്രതിമാസം അടയ്ക്കാനുള്ള വൈദ്യുതി ബില്ലുകളോ കുടിശ്ശികയുടെ മാസഗഡുക്കളോ അടയ്ക്കാൻ വീഴ്ച വരുത്തുന്നപക്ഷം അവർക്ക് നൽകുന്ന വൈദ്യുതി നിയമാനുസൃതമുള്ള നോട്ടീസ് നൽകി വിച്ഛേദിക്കുന്നതാണ്.

മുകളിൽ പരാമർശിച്ചിട്ടുള്ള 9 ഗഡുക്കളെ സംബന്ധിച്ചിടത്തോളവും കറൻറ് ചാർജ്ജ് കുടിശ്ശികയ്ക്ക് ബാധകമായ 18 ശതമാനം പിഴ അടയ്ക്കേണ്ടതാണ്.

(ഇ) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ എടുത്ത തീരുമാനമനുസരിച്ച് കൊരട്ടിയും അന്നമനടയും പഞ്ചായത്തുകൾ പിഴ അടയ്ക്കാത്തതുകൊണ്ടും മറ്റത്തൂർ പഞ്ചായത്ത് കറൻറ് ചാർജ്ജ് അടയ്ക്കാത്തതുകൊണ്ടുമാണ് വൈദ്യുതി വിച്ഛേദിച്ചത്. ഇക്കാര്യത്തിൽ ബോർഡുദ്യോഗസ്ഥന്മാർ തെറ്റുകൾ ഒന്നും ചെയ്തിട്ടില്ല.

അരിക്കുളം പഞ്ചായത്തിൽ മിനിമം ഗാരണ്ടി വെച്ചവർക്ക് വൈദ്യുതി ലഭിച്ചില്ലെന്ന പരാതി

1408. [2003] പ്രൊഫ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ അരിക്കുളം പഞ്ചായത്തിലെ 1, 2 വാർഡുകളിലെ മിനിമം ഗാരണ്ടിവച്ച മുഴുവനാളുകൾക്കും വൈദ്യുതി ലഭിച്ചില്ലെന്ന പരാതി ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പരാതിയിൻമേൽ എന്തു നടപടി എടുത്തു ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മിനിമം ഗാരണ്ടി വ്യവസ്ഥയനുസരിച്ചുള്ള ഒരു പദ്ധതിയാണിത്. ആകെ 192 പേരാണ് മിനിമം ഗാരണ്ടി എഗ്രിമെന്റ് ഒപ്പുവച്ചിട്ടുള്ളത്. ഇത് കരവൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തിട്ടുള്ളതാണ്. അതിൽ 7-3-1985-നു മുമ്പ് കണക്ഷൻ രജിസ്റ്റർ ചെയ്തിരുന്ന 45 പേർക്കും പദ്ധതി ഉൽഘാടനം ചെയ്ത 7-3-1985-ൽ തന്നെ കണക്ഷൻ നൽകുകയുണ്ടായി. അതിനുശേഷം 66 പേരുകൂടി കണക്ഷന് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർക്ക് മുൻഗണനാ ക്രമത്തിൽ കണക്ഷൻ നൽകുന്നതാണ്. ബാക്കിയുള്ള 51 പേർ കണക്ഷനുവേണ്ടി സമർപ്പിച്ച അപേക്ഷകൾ അപൂർണ്ണമായതിനാൽ അവർ അപേക്ഷ പൂർത്തിയാക്കി നൽകേണ്ടതുണ്ട്. അവരുടെ അപേക്ഷകൾ ലഭിച്ചശേഷം നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് അവർക്കും കണക്ഷൻ നൽകുന്നതാണ്.

പീരുമേട് ഡിവിഷനിൽ മിനിമം ഗാരണ്ടി വച്ചവർ

1409. [2004] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് മേജർ ഡിവിഷനിൽ ഇപ്പോൾ എത്ര വൈദ്യുതി കണക്ഷനുകൾ ലഭിക്കുന്നതിനുള്ള സ്കീമുകൾക്ക് മിനിമം ഗാരണ്ടി വച്ചതുണ്ട് ;

(ബി) മിനിമം ഗാരണ്ടി വച്ച എല്ലാ സ്കീമും ആർ. ഇ. സി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മാണ ജോലികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 20 സ്കീമുകളിൽപ്പെട്ട 224 കണക്ഷൻ.

(ബി) ഈ ജോലികൾ ആർ. ഇ. സി. സ്കീമിൽ ഉൾപ്പെടുത്തി ചെയ്തുതീർക്കുന്നതിന് നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

നദീജല തർക്കങ്ങൾ പരിഹരിക്കാൻ നടപടി

1410. [2005] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയൽ സംസ്ഥാനങ്ങളുമായി നദികളെ സംബന്ധിച്ചുള്ള തർക്കങ്ങൾ എത്ര കാലമായി പരിഹരിക്കാതെ കിടക്കുന്നുണ്ട് ;

(ബി) ഈ തർക്കങ്ങൾ സമയ ബന്ധിത പരിപാടികളുടെ അടിസ്ഥാനത്തിൽ പരിഹരിക്കുവാൻ നടപടികൾ എടുക്കുമോ ?

ഉത്തരം

(എ) 1-11-1956-ൽ സംസ്ഥാന പുനഃസംഘടനയോടെയാണ് ഇന്നത്തെ നിലയ്ക്കുള്ള അന്തർസംസ്ഥാന നദീജല തർക്കങ്ങൾ രൂപംകൊണ്ടത്. അവയിൽ പലതും പരിഹരിച്ചിട്ടുണ്ട്.

(ബി) അവശേഷിച്ചിട്ടുള്ള തർക്കങ്ങൾ എത്രയും വേഗം തീർക്കുവാൻ വേണ്ട നടപടികൾ എടുത്തുവരികയാണ്. സംസ്ഥാനങ്ങൾ തമ്മിലുള്ള തർക്കങ്ങൾ ആയതിനാൽ സമയബന്ധിത പരിപാടികൾ പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly